# ആദിവാസി പദ്ധതി നടത്തിപ്പ്: അട്ടപ്പാടിയിൽ ഐഎഎസ് ഓഫിസറെ നിയമിക്കും

● അട്ടപ്പാടിക്ക് അനുവദിച്ച കോടതി അഹാഡ്സ് കെട്ടിടത്തിൽ ആരംഭിക്കാൻ ധാരണ

പാലക്കാട് • ആദിവാസിക്ഷേമ പദ്ധതി നടത്തിപ്പുമേൽനോട്ടത്തിനും വിലയിരുത്തലിനുമായി അട്ടപ്പാടി കേന്ദ്രമായി ഐഎഎസ് ഓഫിസറെ പൂർണസമയ പ്രോജക്ട് ഓഫിസറായി നിയമിച്ചേക്കും.

അട്ടപ്പാടിക്കൊപ്പം സംസ്ഥാനത്തെ ആദിവാസികേന്ദ്രങ്ങളിലെ പ്രത്യേക പദ്ധതികൾ ഉൾപ്പെടെ ചുമതലയും അദ്ദേഹത്തിനു നൽകാനാണ് നീക്കം. ജൂനിയർ ഐഎഎസ് ഓഫിസറെ നിയമിക്കാനാണ് ശ്രമം. നിലവിൽ ഒറ്റപ്പാലം ആർഡിഒക്ക് അട്ടപ്പാടിയിലെ ആദിവാസിപദ്ധതികളുടെ പ്രോജക്ട് ഓഫിസർ ചുമതലയുണ്ടെങ്കിലും പൂർണസമയ ഉദ്യോഗസ്ഥൻ വേണമെന്നാണ് വകുപ്പിന്റെ നിലപാട്. ഇക്കാര്യം മുഖ്യമന്ത്രിയുമായി അടുത്തദിവസം ചർച്ചചെയ്യുമെന്ന് മന്ത്രി എ.കെ. ബാലൻ പറഞ്ഞു. അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിപ്രശ്നം, വീട്, ഭക്ഷണം, തൊഴിലുറപ്പ് എന്നിവ മെച്ചപ്പെടുത്താൻ കൂടുതൽ പണം ആവശ്യമുണ്ട്. പട്ടികവർഗ പദ്ധതികൾകൊണ്ടുമാത്രം ഇവ നടത്താൻ സാധിക്കില്ല. ഈ വിഷയങ്ങളിൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ ഉണ്ടാക്കാൻ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. രണ്ടാഴ്ചക്കുള്ളിൽ കേന്ദ്രസർക്കാരുമായി പ്രശ്നങ്ങൾ ചർച്ചചെയ്യും.

പരമാവധി ഫണ്ട് ലഭ്യമാക്കുകയാണ് ലക്ഷ്യം. അട്ടപ്പാടിയിൽ പദ്ധതി നടത്തിപ്പ് നിരീക്ഷിക്കാൻ ജനപ്രതിനിധികൾ ഉൾപ്പെട്ട നിരീക്ഷണകമ്മിറ്റി രൂപീകരിച്ചെങ്കിലും പ്രവർത്തനം ഫലപ്രദമല്ലെന്നു വിമർശനം ഉയർന്നിട്ടുണ്ട്. കമ്മിറ്റി യോഗം ചേരാറില്ലെന്നാണ് ആക്ഷേപം. സംസ്ഥാനത്ത് അട്ടപ്പാടിയിൽ മാത്രമാണ് ആദിവാസിക്ഷേമപദ്ധതികളുടെ നടത്തിപ്പ് ഗ്രാമവികസന പ്രോജക്ട് ഓഫിസറുടെ കീഴിൽ നടത്തുന്നത്. മറ്റിടങ്ങളിലെല്ലാം പട്ടികവർഗ വകുപ്പ് പ്രോജക്ട് ഓഫിസർക്കാണ് ഇതിന്റെ ചുമതല. ഓഫിസർ ഗ്രാമവികസനവകുപ്പിന്റെ കീഴിലായതിനാൽ പട്ടികവർഗ വകുപ്പിനു അദ്ദേഹത്തിനുമേൽ നിയന്ത്രണമില്ലാത്ത അവസ്ഥയാണ്. കൂടുതലും ശിക്ഷണ നടപടി നേരിടുന്നവരെ നിയമിക്കാനുള്ള തസ്തികയായി അതു മാറിയെന്നാണ് ആക്ഷേപം. പ്രോജക്ട് ഓഫിസറായിരുന്ന രാധാകൃഷ്ണൻ ക്ഷേമപദ്ധതികളിൽ അതീവ താൽപര്യം കാണിക്കുകയും സുതാര്യമായ നടത്തിപ്പിനു മുൻകൈഎടുക്കുകയും ചെയ്തെങ്കിലും രാഷ്ട്രീയ സമ്മർദത്തെ തുടർന്ന് അദ്ദേഹത്തെ സ്ഥലം മാറ്റുകയാണ് ചെയ്തത്. അട്ടപ്പാടിക്ക് അനുവദിച്ച മജിസ്ട്രേട്ട് കോടതി അഗളിയിൽ ആരംഭിക്കാനാണ് ധാരണ. അതിനുള്ള നടപടികൾ അടുത്തദിവസം ആരംഭിക്കും. തൽക്കാലം അഹാഡ്സിന്റെ കെട്ടിടത്തിലായിരിക്കും പ്രവർത്തനം.

# Attappady still waiting for a munsif court

## State govt. yet to act on High Court's directives in 2006 and 2008

K.A. Shaji

- Nearest court is at Mannarkkad
- Tribesmen skipping judicial process

**PALAKKAD:** The lackadaisical attitude of the State government in setting up a munsif-magistrate court at Attappady as directed by the Kerala High Court twice has evolved into a situation in which the tribal victims of various atrocities are facing denial of justice.

As they have to travel about 100 km to reach the nearest court at Mannarkkad, most tribal people are skipping the judicial process at present. This has turned beneficial for the thriving land mafias and those who abuse tribal women sexually.

The situation is acute, as people have to stay for at least three days in Mannarkkad to file private complaints at the court there.

"The high court had ordered setting up of a court in Attappady in 2006 after learning about the injustice being faced by the tribal community. In the absence of any positive move from the government, the court ordered it again in 2008. But nothing has happened so far," says P. Premnath, advocate, of Viswas, an organisation working for people who were denied justice.

### Recommendations

According to the local community, the T. Madhava Menon Committee that looked into problems plaguing Attappady and its tribal people had also recommended setting up a court there. The block panchayat had promised it would provide all necessary infrastructure.

The Kerala State Scheduled Caste and Schedules Tribes Commission had also preferred a court in Attapady citing the clout of illicit liquor and the drug mafia. The Thaikula Sangom, a women's organisation of tribal women, had submitted many complaints against illicit liquor and drugs with the police but could not pursue the cases in court because of the distance involved.

Tribal leaders said there were many cases of alienated tribal land in which the courts in Mannarkkad and Palakkad had directed restoration.

But often, follow-up action is not taken. Cases of sexual exploitation, illegal sand-mining, and deforestation are also on the increase. Justice also eludes seriously injured victims of wild animal attack.

# ഹൈക്കോടതി കനിഞ്ഞ കോടതി അട്ടപ്പാടിയിൽ ആരംഭിക്കുന്നില്ല

## വിശ്വാസ് സംഘടന ചീഫ് സെക്രട്ടറിക്കു നിവേദനം നൽകി

പാലക്കാട് ● സങ്കടങ്ങൾ തീരാത്ത അട്ടപ്പാടിയിൽ നിയമവ്യവഹാരങ്ങൾക്കു തീർപ്പ് കൽപിക്കാൻ കോടതിയെങ്കിലും വരുമോ? ഹൈക്കോടതി കനിഞ്ഞിട്ടും അട്ടപ്പാടിയിൽ ആരംഭിക്കാൻ മടിച്ചു നിൽക്കുന്ന കോടതിക്കായി വഴി തേടുകയാണ് കേസുകളിൽ ഇരകളായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് എന്ന സംഘടന.

മണ്ണാർക്കാട് അനുവദിച്ച അഡീഷനൽ മജിസ്ട്രേട്ട് കോടതി അട്ടപ്പാടിയിലേക്കു മാറ്റാൻ ഹൈക്കോടതി നൽകിയ നിർദേശം നടപ്പാക്കണമെന്നാണ് വിശ്വാസ് ആവശ്യപ്പെടുന്നത്. അട്ടപ്പാടിയിലെ ദുരദിക്കുകളിലെ ആദിവാസികൾ പല ആവശ്യങ്ങൾക്കുമെന്ന പോലെ വ്യവഹാരങ്ങൾക്കു വേണ്ടിയും ദീർഘയാത്രകൾ നടത്തേണ്ട സ്ഥിതിയാണ്. 50 മുതൽ 100 കിലോമീറ്റർ ദൂരമാണ് ഇവർ യാത്ര ചെയ്യേണ്ടി വരുന്നു. മണ്ണാർക്കാട്ടുള്ള ഏക മജിസ്ട്രേട്ട് കോടതിയിലാണ് ആലപ്പുഴ ജില്ലയെക്കാളും വലുപ്പമുള്ള അട്ടപ്പാടിയിലെ കേസുകൾ കൈകാര്യം ചെയ്യുന്നതെന്ന് ചീഫ് സെക്രട്ടറി ജിജി തോംസണിന് വിശ്വാസ് സെക്രട്ടറി അഡ്വ. പി. പ്രേംനാഥ് സമർപ്പിച്ച നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

വരടിമലയിൽ നിന്ന് ഒരു ആദിവാസി മണ്ണാർക്കാട്ടെ കോടതിയിൽ ഹാജരാകണമെങ്കിൽ മൂന്നു ദിവസമെങ്കിലും ചെലവഴിക്കേണ്ട സ്ഥിതിയാണ്. കോടതിയിൽ ഹാജരാകാൻ മടിക്കുന്നതിനാൽ പല കേസുകളിലും വിധി മറിച്ചാകും.

അട്ടപ്പാടിയിൽ കോടതി ആരംഭിക്കണമെന്ന് 2005 ജൂലൈ 25നാണ് അന്നത്തെ ജില്ലാ ജഡ്ജി കെ. ചന്ദ്രദാസ് നാടാർ ഹൈക്കോടതി റജിസ്ട്രാറിന് കത്തെഴുതുന്നത്. 2004ൽ നടന്ന നീതിമേളയിൽ അട്ടപ്പാടി മേഖലയിൽ നിന്നുള്ള കേസുകളുടെ എണ്ണം കണ്ട് അന്ന് ഷോളയൂർ കോൺഗ്രസ് മണ്ഡലം കമ്മിറ്റി നൽകിയ നിവേദനം പരിഗണിച്ചായിരുന്നു നടപടി. തുടർന്ന് സെപ്റ്റംബർ 2/ന് ഹൈക്കോടതി ഇതിന്റെ പ്രായോഗികതയും വിശദാംശങ്ങളും ആരാഞ്ഞു. തുടർന്ന് 2006 ഒക്ടോബർ ഒൻപതിന് അന്നത്തെ ജില്ലാ ജഡ്ജി ഡോ. വി. വിജയകുമാർ വിശദമായ റിപ്പോർട്ട് തയാറാക്കി നൽകി. അഗളി, പുതൂർ ഷോളയൂർ പഞ്ചായത്തുകൾ അധികാരപരിധി വരുന്ന രീതിയിൽ കോടതി വേണമെന്നായിരുന്നു ശുപാർശ. മണ്ണാർക്കാട്ട് അനുവദിച്ച കോടതി അട്ടപ്പാടിയിലേക്കു മാറ്റാൻ 200/ സെപ്റ്റംബർ 22ന് ഹൈക്കോടതി അനുവാദം നൽകി. പിന്നീട് ടി. മാധവമേനോൻ അധ്യക്ഷനായ സമിതി സർക്കാരിനു നൽകിയ ശുപാർശകളിലും അട്ടപ്പാടിയിൽ കോടതിയെന്ന ശുപാർശ ഇടം പിടിച്ചു. ഇതെക്കുറിച്ച് സർക്കാരിൽ നിന്നു ലഭിച്ച കത്തിനുള്ള മറുപടിയിലും കോടതി ആരംഭിക്കാനുള്ള അനുവാദത്തെക്കുറിച്ച് ഹൈക്കോടതി ആവർത്തിച്ചതായി വിവരാവകാശ നിയമപ്രകാരം വിശ്വാസ് സെക്രട്ടറിക്കു ലഭിച്ച രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. സർക്കാർതലത്തിലും നിയമവൃത്തങ്ങളിലും പിന്നീട് ആരും താൽപര്യമെടുത്തില്ലെന്നു മാത്രം.



പാലക്കാട് കലക്ടറേറ്റിൽ ചീഫ് സെക്രട്ടറി ജിജി തോംസന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം.

# അട്ടപ്പാടിയിൽ കോടതി: സർക്കാരിൻെറ മുൻഗണനാ പട്ടികയിൽ

## ഒറ്റപ്പാലം, പട്ടാമ്പി എന്നിവിടങ്ങളിൽ സബ്കോടതികൾ

## പട്ടാമ്പി മുൻസിഫ് കോടതി വിഭജിച്ച് മജിസ്ട്രേറ്റ്, മുൻസിഫ് കോടതികൾ ആരംഭിക്കാനും പദ്ധതി

**പാലക്കാട്:** ആലപ്പുഴ ജില്ലയോളം വിസ്തൃതിയുള്ള അട്ടപ്പാടിയിൽ കോടതിയെന്ന വർഷങ്ങൾ പഴക്കമുള്ള ആവശ്യം സഫലമാവുന്നു.

കോടതികൾ ആരംഭിക്കാനുള്ള സർക്കാരിൻെറ മുൻഗണനാ പട്ടികയിൽ അട്ടപ്പാടി ഒന്നാമതായി ഇടംപിടിച്ചു.

അട്ടപ്പാടിമേഖലയിൽ മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയായി ആരംഭിക്കാനാണ് ശുപാർശ. ഇതനുസരിച്ച് സിവിൽ, ക്രിമിനൽ കേസുകൾ ഒരേകോടതിയിൽ വിചാരണ നടത്താനാവും.

സർക്കാർ പുറത്തിറക്കിയ പട്ടികയിൽ ഒറ്റപ്പാലം, പട്ടാമ്പി എന്നിവിടങ്ങളിൽ സബ്കോടതികൾ, പട്ടാമ്പി മുൻസിഫ് കോടതി വിഭജിച്ച് പ്രത്യേകം മജിസ്ട്രേറ്റ്, മുൻസിഫ് കോടതികൾ എന്നിവ ആരംഭിക്കാനും പദ്ധതിയുണ്ട്.

നിലവിൽ അഗളിമേഖലയിൽനിന്ന് കോടതിയെ സമീപിക്കാൻ നൂറുകിലോമീറ്ററോളം യാത്രചെയ്ത് മണ്ണാർക്കാടെത്തണം. യാത്രയുൾപ്പെടെയുള്ള ബുദ്ധിമുട്ടുകളുള്ളതിനാൽ ഈ മേഖലയിലെ ആദിവാസികളുൾപ്പെടെയുള്ളവർക്ക് പലപ്പോഴും നീതി നിഷേധിക്കപ്പെടുന്നതായി പരാതികളുണ്ടായിരുന്നു.

ചീഫ്സെക്രട്ടറി ജിജി തോംസൺ അഗളി സന്ദർശിച്ച സമയത്ത് അദ്ദേഹത്തിന് ഇതുസംബന്ധിച്ച് നിവേദനം നൽകിയിരുന്നു. ഇതുകൂടാതെ ഹൈക്കോടതിക്കും നിവേദനം സമർപ്പിച്ചിരുന്നതായി കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് സെക്രട്ടറിയും പബ്ലിക് പ്രോസിക്യൂട്ടറുമായ അഡ്വ. പി. പ്രേംനാഥ് പറഞ്ഞു.

ഇതിനൊപ്പം ജില്ലയിൽ ലീഗൽ സർവീസസ് അതോറിറ്റിക്ക് മുഴുവൻസമയ സെക്രട്ടറിയെയും നിയമിച്ചിട്ടുണ്ട്. സബോർഡിനേറ്റ് ആൻഡ് അസിസ്റ്റൻറ് സെഷൻസ് ജഡ്ജ് ആയ രാജീവ് ജയരാജാണ് ഈ തസ്തികയിലേക്ക് നിയമിതനായിട്ടുള്ളത്. കോടതിയെ എങ്ങനെ സമീപിക്കണം എന്നറിയാ

ത്ത സാധാരണക്കാർക്ക് നീ
ന്യായ വ്യവസ്ഥ സുതാര്യ
ക്കുന്നതിനാണ് ലീഗൽ സർ
സസ് അതോറിറ്റികൾ പ്രാഥ
കമായും പ്രവർത്തിക്കുന്നത്.

പരാതിക്കാരെയും എതി
കക്ഷികളെയും ഒരേവേദി
ലെത്തിച്ച് ചർച്ചകളിലൂടെ പ്ര
ശ്നങ്ങൾക്ക് പരിഹാരം കാണ
കയും അതുവഴി കോടതിക
ടെ അമിതഭാരം കുറയ്ക്കുകയ
അതോറിറ്റിയുടെ പ്രവർത്ത
നോദ്ദേശ്യമാണ്.

# അട്ടപ്പാടിയിൽ മജിസ്ട്രേട്ട് കോടതി അനുവദിച്ചു

## • ഒറ്റപ്പാലത്തും പട്ടാമ്പിയിലും സബ്കോടതി വരുന്നു

പാലക്കാട് • വർഷങ്ങളായുള്ള ആവശ്യത്തിനും പ്രയത്നത്തിന്റെയും ഫലമായി അട്ടപ്പാടിയിൽ കോടതി അനുവദിച്ചു. മുൻസിഫ് മജിസ്ട്രേട്ട് കോടതി അനുവദിച്ചാണ് ഉത്തരവായത്.

പുതുതായി ആരംഭിക്കുന്ന കോടതികളിൽ മുൻഗണനാക്രമത്തിൽ ഒന്നാമതാണ് അട്ടപ്പാടി കോടതി.

കോടതി ആരംഭിക്കുന്ന മുറയ്ക്ക് മണ്ണാർക്കാട് കോടതിയിലുള്ള അട്ടപ്പാടി ഭാഗത്തെ സിവിൽ, ക്രിമിനൽ കേസുകൾ പുതിയ കോടതിയിലേക്കു മാറ്റും.

വിവിധ സംഘടനകളും ജനപ്രതിനിധികളും വർഷങ്ങളായി കോടതി സ്ഥാപിക്കാൻ നിരന്തരം ആവശ്യപ്പെടുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ഹൈക്കോ

ടതിക്കും സർക്കാരിനും ആവർത്തിച്ചു നിവേദന നൽകിയിരുന്നു.. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസ് ഹൈക്കോടതി ചീഫ്ജസ്റ്റിസിനും മുൻ ചീഫ് സെക്രട്ടറി ജിജിതോംസണും വിഷയത്തിൽ നിവേദനം നൽകുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു. തുടർന്ന് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ജില്ലാകോടതിയുടെ റിപ്പോർട്ടു തേടി.

അട്ടപ്പാടിയിലെ ആദിവാസികൾക്കെതിരെയുള്ള അക്രമം, അവരുടെ ഭൂമിസംബന്ധിച്ച തർക്കം, തുടങ്ങി നിരവധികേസുകൾ മണ്ണാർക്കാട് കോടതിയാണ് കൈകാര്യം ചെയ്യുന്നത്. ദൂരെയുള്ള ഊരുകളിൽ നിന്നു ആദിവാസികൾക്ക് കോടതിയിൽ എത്തുക പ്രയാസമാണ്. പല കേസുകളും ഇങ്ങനെ നീണ്ടുപോകുകയാണ്.

സർക്കാർ ഇറക്കിയ ഉത്തരവിൽ ഒറ്റപ്പാലത്തും, പട്ടാമ്പിയിലും സബ് കോടതിയും അനുവദിച്ചിട്ടുണ്ട്. പട്ടാമ്പി മുൻസിഫ് കോടതി വിഭജിച്ച് മജിസ്ട്രേട്ട് കോടതിയും ആരംഭിക്കാനും ഉത്തരവായിട്ടുണ്ട്.